**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.5413** **18/11/2019-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**ഗവേഷണ സ്ഥാപനങ്ങളിലെ സർവ്വീസ് സംബന്ധമായ കേസ്സുകൾ**

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്; ആയതിൽ നിലവിൽ എത്ര കേസ്സുകൾ ഹൈക്കോടതിയുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം, ബഹു.ഹൈക്കോടതിയിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർ സർവ്വീസ് സംബന്ധമായ ആകെ 95 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്; ആയതിൽ നിലവിൽ 57 കേസുകൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഹൈക്കോടതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്റ്റാന്റിംഗ് കൗൺസിലിന് എത്ര തുക ഫീസിനത്തിൽ നൽകിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്റ്റാന്റിംഗ് കൗൺസലിന് ഫീസ് ഇനത്തിൽ കൗൺസിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | റീറ്റെയ്നർ ഫീ | പ്രൊഫഷണൽ ഫീ |
|---|---|---|
| 2016-2017 | - | 1,50,000/- |
| 2017-2018 | 1,38,000/- | 1,40,000/- |
| 2018-2019 | 2,86,840/- | 5,40,400/- |

| | | | |
|---|---|---|---|
| | | | 2019-2020 (7.9.2019 വരെ) \| 100000/- \| 70,000/-<br>ആകെ തുക \| 5,24,840/- \| 9,00,400/- |
| (സി) | ഇതിനുള്ള തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവാക്കുന്നത്; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ടി തുക 3425-60-200-71-07(NP) എന്ന ശീർഷകത്തിൽ നിന്നാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചെലവാക്കുന്നത്; ഇതിന് സർക്കാർ പ്രത്യോകാനുമതി നൽകിയിട്ടില്ല; |

സെക്ഷൻ ഓഫീസർ